"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. എം. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 03.05.2024 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി.) - യുടെ കാര്യാലയത്തിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.27/2024/F&WLD    തീയതി,തിരുവനന്തപുരം, 12-07-2024

---

പരാമർശം:-

1. 08.08.2012-ലെ സ.ഉ.(പി) 442/2012/ധന നമ്പർ ഉത്തരവ്.
2. 07.06.2018-ലെ സ.ഉ.(സാധാ) 272/2018/വനം നമ്പർ ഉത്തരവ്.
3. 04.11.2023-ലെ സ.ഉ.(കൈ) 25/2023/വനം നമ്പർ ഉത്തരവ്.
4. ശ്രീ. സന്തോഷ് കുമാർ എം. സമർപ്പിച്ച 02.02.2024 - ലെ അപേക്ഷ.
5. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 08.04.2024- ലെ ഇ7-5991/2019 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. എം. സന്തോഷ് കുമാറിന് വൃക്കരോഗ സംബന്ധമായ അസുഖത്തിന് ചികിത്സ നടത്തുന്നതിനാൽ, വനം വകുപ്പാസ്ഥാനത്തെ ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയിൽ പരാമർശം (2) ഉത്തരവ് പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകിയിരുന്നു. 10.06.2019 - ൽ നടത്തിയ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയെ തുടർന്നുള്ള ചികിത്സാ സൗകര്യാർത്ഥം പ്രസ്തുത കാലാവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി. പരാമർശം (3) പ്രകാരം അനുവദിച്ച വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 02.05.2024-ന് അവസാനിച്ചു. നിലവിലെ ആരോഗ്യസ്ഥിതി പരിഗണിച്ചും, തുടർ ചികിത്സാ സൗകര്യം പരിഗണിച്ചും വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 02.05.2024 മുതൽ ദീർഘിപ്പിച്ച് നൽകുന്നതിന് ശ്രീ. എം.സന്തോഷ് കുമാർ പരാമർശം (4) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (5) പ്രകാരം നിയമനം പി ടി പി നഗറിലുള്ള ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി.)യുടെ കാര്യാലയത്തിൽ അനുവദിക്കണമെന്ന ശിപാർശയോടെ ലഭ്യമാക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വനം വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. എം. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി മാനുഷിക

പരിഗണന നൽകി, വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട് പരാമർശം (1) ലെ ഉത്തരവിൽ ഇളവനുവദിച്ചുകൊണ്ട്, 03.05.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി, ടിയാനെ പി.ടി.പി നഗറിലുള്ള ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി.)-യുടെ കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. എം.സന്തോഷ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.
പൊതു ഭരണ (എസ്.സി.) വകുപ്പ് (ഇനം നം:2263 തീയതി :11.07.2024 )
ധനകാര്യ വകുപ്പ് (2441421/അഗ്രി-എ2/96/2023-ധന തീയതി: 29.06.2024).
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 15-07-2024 14:54:36
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-07-2024

ഫയൽ നം. എഫ്3/106/2024/വനം. ഇനം നം: 2263

വിഷയം : വനം-വന്യജീവി വകുപ്പ് - വനം-വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. എം. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 03.05.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

[illegible]

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

[illegible]

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

2263

**കേരള സർക്കാർ**

**(പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്3/106/2024/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. എം. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 03.05.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29.04.2024. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല. ധനകാര്യ വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ചേർത്തിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. സൂസൻ ഗോപി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. കെ.ആർ.ജ്യോതിലാൽ. |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.07.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു. വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04.07.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.07.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 08.07.2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. എം. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 03.05.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിനാധാരമായ വിഷയം.

2. പാലക്കാട് ജില്ലയിലെ പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ എം. സന്തോഷ് കുമാറിന് വൃക്കരോഗ സംബന്ധമായ അസുഖത്തിന് ചികിത്സ നടത്തുന്നതിനാൽ, വനം വകുപ്പാസ്ഥാനത്തെ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിൽ 07.06.2018 ലെ സ.ഉ(സാധാ) 272/2018/വനം നമ്പർ ഉത്തരവ് പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകുകയുണ്ടായി. 10.06.2019 ൽ നടത്തിയ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയെ തുടർന്നുള്ള ചികിത്സാ സൗകര്യാർത്ഥം ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിലുള്ള വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി നീട്ടി അനുവദിച്ചു വരുന്നു.

3. 08.08.2012 ലെ സ.ഉ.(പി) 442/2012/ധനം നമ്പർ ഉത്തരവ് പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഒഴിച്ചുള്ള ജീവനക്കാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് അനുവദനീയമല്ല. 24.03.2023 ലെ 29/23/ധന നമ്പർ സർക്കുലർ പ്രകാരം, വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട് ഇളവനുവദിക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ അനുമതി വാങ്ങണം. ടി സാഹചര്യത്തിൽ ശ്രീ. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി 03.05.2023 മുതൽ ദീർഘിപ്പിച്ച് നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടി വകുപ്പ് നിരസിച്ചിരുന്നു.

4. തുടർന്ന് 01.11.2023 ലെ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം, മാനുഷിക പരിഗണന നൽകി, വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട

നിലവിലെ ഉത്തരവിൽ ഇളവനുവദിച്ചുകൊണ്ട്, ശ്രീ. സന്തോഷ് കുമാറിന് വനം വകുപ്പാസ്ഥാനത്തെ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിൽ അനുവദിച്ചിരുന്ന വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലുള്ള നിയമനത്തിന്റെ കാലാവധി 03.05.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രസ്തുത കാലാവധി 02.05.2024 ൽ അവസാനിച്ചു.

5. വനം വകുപ്പിൽ 2023 വർഷത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചപ്പോൾ രണ്ട് തസ്തികകൾ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയ്ക്ക് അനുവദിച്ചതിനാൽ ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയിൽ നിലവിൽ ജീവനക്കാരുടെ കുറവില്ലായെന്നും എല്ലാ വിഭാഗത്തിലും പെടുന്ന വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് തുടർച്ചയായി ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ എച്ച്.ആർ.ഡി വിഭാഗം സ്വീകരിച്ചിട്ടുള്ളതിനാൽ പി.ടി.പി നഗറിലുള്ള ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി)യുടെ കാര്യാലയത്തിൽ ജീവനക്കാരുടെ കുറവുണ്ടെന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം അനിവാര്യമാണെന്നും ആയതിനാൽ ശ്രീ സന്തോഷ് കുമാറിന്റെ ആരോഗ്യനിലയും തുടർ ചികിത്സയും പരിഗണിച്ച് ടിയാന്റെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലുള്ള നിയമനം 03.05.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് ഉത്തരവാകണമെന്നും പ്രസ്തുത നിയമനം പി.ടി.പി നഗറിലുള്ള ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി) യുടെ കാര്യാലയത്തിലേയ്ക്ക് അനുവദിക്കണമെന്നും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

6. തുടർചികിത്സയ്ക്കും ചെക്കപ്പിനുമായി കിംസ് ഹോസ്പിറ്റലിൽ പോകേണ്ടതുണ്ടെന്നും ആയാസമുള്ള ജോലികൾ ചെയ്യുന്നതിനോ ഫീൽഡ് ജോലികൾ ചെയ്യുന്നതിനോ ഡോക്ടർ വിലക്കിയിട്ടുണ്ടെന്നും കൂടാതെ ചിട്ടയായ മരുന്നും ഭക്ഷണ ക്രമീകരണവും വളരെ കൂടുതൽ ശ്രദ്ധയും ആവശ്യമാണെന്നും ആയതിനാൽ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നുമാവശ്യപ്പെട്ട് ശ്രീ സന്തോഷ് കുമാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 18.01.2024 -ലെ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

7. ശ്രീ. സന്തോഷ് കുമാറിന്റെ ആരോഗ്യനിലയും തുടർ ചികിത്സയും പരിഗണിച്ച്, ടിയാന്റെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലുള്ള നിയമനം, മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ, 03.05.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായി.

8. തുടർന്ന്, ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിന് ചീഫ് സെക്രട്ടറി ഉത്തരവാകുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" AD is informed that Finance Department concur to extend the working arrangement of Sri. Santhosh Kumar, Section Forest Officer, Parambikulam Tiger Reserve, Palakkad to the office of the Forest Conservator (HRD), Thiruvananthapuram as a special case on humanitarian grounds, by relaxing the prevailing working arrangement rules".

This has the approval of Hon'ble Minister for Finance.

**തീരുമാനിക്കേണ്ട വിഷയം**

വനം വന്യജീവി വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ. സന്തോഷ് കുമാറിന്റെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി, മാനുഷിക പരിഗണന നൽകി, വർക്കിംഗ് അറേഞ്ച്മെന്റുമായി ബന്ധപ്പെട്ട നിലവിലെ ഉത്തരവിൽ ഇളവനുവദിച്ചുകൊണ്ട്, 03.05.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി, പി.ടി.പി നഗറിലുള്ള ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി) യുടെ കാര്യാലയത്തിലേയ്ക്ക് നിയമിക്കാമോ ?